(ബി) സാമൂഹ്യസുരക്ഷാ പെൻഷൻ നൽകുന്നതുപോലെ എല്ലാ മാസവും ഈ പെൻഷനും നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

കാൻസർ രോഗികൾക്കും ക്ഷയരോഗികൾക്കും പ്രതിമാസ പെൻഷൻ നൽകാൻ നടപടി സ്വീകരിക്കുന്നതാണ്.

ഹാരിസൺസ് മലയാളം ലിമിറ്റഡ്

326(2682) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമിയുടെ അളവുകൾ ഹെക്ടറിൽ കണക്കാക്കാൻ തുടങ്ങിയത് എന്ന് മുതലാണെന്ന് അറിയിക്കാമോ?

1-10-1965 മുതലാണ് സംസ്ഥാനത്ത് ഭൂമിയുടെ അളവുകൾ ഹെക്ടറിൽ കണക്കാക്കാൻ തുടങ്ങിയത്.

(ബി) 1923-ൽ തയ്യാറാക്കിയതായി ഹാരിസൺസ് മലയാളം ലിമിറ്റഡ് അവകാശപ്പെടുന്ന ഭൂമിയുടെ ആധാരത്തിൽ ഹെക്ടർ കണക്ക് വന്നതായി വിജിലൻസ് കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഇല്ല. ഹാരിസൺസ് മലയാളം ലിമിറ്റഡ് അവകാശപ്പെടുന്ന ഭൂമിയുടെ 1600/1923-ാം നമ്പർ ഇൻഡെഞ്ചറിൽ ഭൂമിയുടെ അളവുകൾ രേഖപ്പെടുത്തിയിരിക്കുന്നത് ഏക്കർ/സെന്റിലാണ്.

ഹാരിസൺസ് മലയാളം ലിമിറ്റഡിന്റെ ആധാരത്തിലെ ലിപികൾ

327(2683) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

1923-ൽ തയ്യാറാക്കിയതായി ഹാരിസൺസ് മലയാളം ലിമിറ്റഡ് അവകാശപ്പെടുന്ന ആധാരത്തിൽ ആധുനിക മലയാളം ലിപികൾ കടന്നുകൂടിയിട്ടുള്ളതായി വിജിലൻസ് കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഇല്ല. ഹാരിസൺസ് മലയാളം ലിമിറ്റഡ് കമ്പനിയുടെ കൈവശമുള്ള 1600/1923 നമ്പർ ഇൻഡെഞ്ചറിൽ ആധുനിക മലയാളം ലിപികൾ കടന്ന് കൂടിയിട്ടുള്ളതായി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ സമർപ്പിച്ച റിപ്പോർട്ടിൽ പരാമർശിച്ചിട്ടില്ല.

പുറമ്പോക്ക് ഭൂമി

328(2684) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജകമണ്ഡലത്തിൽ റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള പുറമ്പോക്ക് പ്രദേശങ്ങൾ സംബന്ധിച്ച് വിവര ശേഖരണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly